5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഏകദേശം 15 ലക്ഷം രൂപ ചെലവ് വരും. ഇതിനായുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ സംവിധാനം ഒരുക്കുന്നതിന് അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അനെർട്ടിലെ വിജിലൻസ് അന്വേഷണം**

184 (3616) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക ചെലവാക്കി; ഇനം തിരിച്ച് ലഭ്യമാക്കാമോ?

അനെർട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 10,77,44,000 രൂപ (പത്ത് കോടി എഴുപത്തിഏഴ് ലക്ഷത്തി നാല്പത്തിനാലായിരം രൂപ മാത്രം) ചെലവഴിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) എ.ജി.-യുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് വിജിലൻസ് അന്വേഷിക്കണമെന്ന്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടുകൊണ്ട് ഊർജ്ജ വകുപ്പ് സെക്രട്ടറിക്കും അനെർട്ട് ഡയറക്ടർക്കും പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ എ.ജി.-യുടെ പരിശോധന സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) അനെർട്ടിലെ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് നിയമവിരുദ്ധമാണെന്നും ഏതെങ്കിലും ഏജൻസി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എത്ര കത്തുകൾ അനെർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്; എല്ലാ കത്തുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ; സർക്കാർ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

അനെർട്ടിലെ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് നിയമ വിരുദ്ധമാണെന്നും ഏതെങ്കിലും ഏജൻസി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് അനെർട്ടിൽനിന്നും മൂന്ന് കത്തുകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*. ഇക്കാര്യം പരിശോധിച്ചു വരികയാണ്.

(ഡി) ഇതിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾ**

185 (3617) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.എൽ.എ. മാരെ ഉൾപ്പെടുത്തിയുള്ള ഏതെങ്കിലും മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിലുണ്ടോ?

(ബി) ഇല്ലെങ്കിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) വൈദ്യുതി പ്രസരണ വിതരണ സംബന്ധിയായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലാതലത്തിലും മറ്റ് പ്രാദേശിക തലത്തിലും വിവിധ കമ്മിറ്റികൾ നിലവിലുണ്ട്. അതാതു ജില്ലാകളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാവികസന കമ്മിറ്റി (DDC), തഹസീൽദാർ അദ്ധ്യക്ഷനായുള്ള താലൂക്ക് സഭകൾ, എം.എൽ.എ. അദ്ധ്യക്ഷനായുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly